(ബി) കണ്ണൂർ ജില്ലയിൽ പഞ്ചായത്ത് സെക്രട്ടറിമാർ ആക്രമിക്കപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മറ്റ് രണ്ടു സംഭവങ്ങൾക്കും നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പ്രതികളാരെന്ന് തിരിച്ചറിഞ്ഞിട്ടില്ലാത്തതിനാൽ പ്രതികളെ അറസ്റ്റുചെയ്യാനായിട്ടില്ല.

(ഡി) ഉണ്ട്.

(ഇ) കേരള ടൂറിസം ഡിപ്പാർട്ടുമെന്റ് മാനേജേഴ്സ് അസോസിയേഷൻ, എൻ.ജി.ഒ. അസോസിയേഷൻ, വിദ്യാഭ്യാസവകുപ്പ് മിനിസ്റ്റീരിയൽ സ്റ്റാഫ് യൂണിയൻ ജോയിന്റ് കൗൺസിൽ എന്നീ സംഘടനകൾ പരാതികൾ നൽകിയിട്ടുണ്ട്. പരാതി സംഗതികൾക്ക് കേസ്സ് രജിസ്റ്റർചെയ്ത് അന്വേഷണം നടത്തിവരുന്നു.

(എഫ്)ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടികൾ കുറ്റവാളികൾക്കെതിരെ സ്വീകരിക്കാറുണ്ട്.

മത്സ്യത്തൊഴിലാളികളെ ലാത്തിചാർജ്ജ് ചെയ്ത സംഭവം

69 (725)ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൺസൂൺ കാല ട്രോളിംഗിന്റെ സമ്പൂർണ്ണ നിരോധനം ആവശ്യപ്പെട്ടുകൊണ്ട് പ്രകടനം നടത്തിയ മത്സ്യത്തൊഴിലാളികളെ 2/06/2000-ൽ സെക്രട്ടേറിയറ്റ് നടയിലും ക്യാമ്പസ്സിലുംവച്ച് പോലീസ് ലാത്തിച്ചാർജ് നടത്തിയോ;

(ബി) അന്ന് സെക്രട്ടേറിയറ്റ് കാമ്പൗണ്ടിൽ കടന്ന് മുദ്രാവാക്യം മുഴക്കിയ വനിതാ മത്സ്യത്തൊഴിലാളികളെ അറസ്റ്റ് ചെയ്യുവാനോ നീക്കം ചെയ്യുവാനോ വനിതാ പോലീസിനെ നിയോഗിക്കാതിരുന്നത് എന്തുകൊണ്ട്;

(സി) സെക്രട്ടോറിയറ്റ് കൃാംമ്പൗണ്ടിനുള്ളിൽ കടന്നവരെ അറസ്റ്റു ചെയ്യുന്നതിനുപകരം ലാത്തിചാർജ്ജ് നടത്തത്തക്കവണ്ണം അവർ എന്തെല്ലാം നിയമസമാധാനപ്രശ്നങ്ങൾ സൃഷ്ടിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ ലാത്തിചാർജ്ജിൽ എത്ര സ്ത്രീകൾക്കും എത്ര പുരുഷന്മാർക്കും പരിക്കേറ്റു;

(ഇ) അവർ എത്രനാൾ ആശുപത്രിയിൽ കിടക്കേണ്ടതായി വന്നു?

ഉത്തരം

(എ) ഇല്ല, എന്നാൽ പോലീസ് ഉദ്യോഗസ്ഥന്മാരുടെ നിർദ്ദേശം അനുസരിക്കാതെ സെക്രട്ടേറിയറ്റിനുള്ളിലേക്ക് തള്ളിക്കയറാൻ ശ്രമിച്ചവരെ ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസുകാർ വിരട്ടിയോടിക്കുകയുണ്ടായി.

(ബി) സെക്രട്ടേറിയറ്റിന്റെ ഗേറ്റുകളിൽ വനിതാ പോലീസിനെ നിയോഗിച്ചിരുന്നു.

(സി) 2/6/2000-ൽ ഉച്ചയ്ക്ക് ഒരു മണിയോടുകൂടി സെക്രട്ടേറിയറ്റിനു മുൻപിൽ ഉപവാസം അനുഷ്ടിച്ചുവന്ന സ്വതന്ത്ര മത്സ്യത്തൊഴിലാളികളിൽ സ്ത്രീകൾ അടക്കമുള്ള 25-ഓളം പ്രവർത്തകർ പോലീസിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ശ്രദ്ധയിൽപ്പെടാതെ പല സ്ഥലത്തുകൂടി സെക്രട്ടേറിയറ്റിനുള്ളിൽ കടന്ന് ഒരുമിച്ചു ചേർന്ന് മുദ്രാവാക്യം വിളിച്ചു. മുന്നോട്ടുപോകാൻ ശ്രമിച്ച അവരെ നീക്കം ചെയ്യാൻ തുടങ്ങവേ അവരുടെ അനുഭാവികളായ സ്ത്രീകളടക്കം 50-ഓളം പേർ വൈ.എം.സി.എ. ഗേറ്റിലുണ്ടായ പോലീസ് പാർട്ടിയേയും, സെക്യൂരിറ്റി സ്റ്റാഫുകളേയും തള്ളിമാറ്റി ഗേറ്റുകടന്ന് അകത്തുനിന്നവരെ മോചിപ്പിച്ചുകൊണ്ടുപോകുന്നതിന് തുടങ്ങുകയും ചെയ്തപ്പോൾ ആയത് തടയാനും സെക്രട്ടേറിയറ്റിന്റെ സുഗമമായ പ്രവർത്തനത്തിനും പോലീസിന്റെ നിർദ്ദേശം അനുസരിക്കാതെ തള്ളിക്കയറിയവരെ മ്യൂസിയം സി.ഐ.യും പാർട്ടിയും വിരട്ടി ഓടിക്കുകയാണുണ്ടായത്. ആയതിന് കന്റോൺമെന്റ് ക്രൈം 76/2000 പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നതുമാണ്.

(ഡി) ലാത്തിച്ചാർജ്ജ് നടത്തിയിട്ടില്ല. എന്നാൽ പോലീസ് വിരട്ടി ഓടിച്ചതിൽ രണ്ടു പുരുഷന്മാർക്കും നാലു പോലീസുകാർക്കും പരിക്കു പറ്റിയിട്ടുണ്ട്.

(ഇ) പ്രാഥമിക ചികിത്സയ്ക്ക് ശേഷം പോലീസുകാരും മത്സ്യ ത്തൊഴിലാളികളും (2 പേർ) ആശുപത്രിയിൽ നിന്നും പോയിട്ടുണ്ട്.

ഫോട്ടോ കോപ്പിയർ മോഷണം പോയ സംഭവം

70 (726)ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽകോളേജ് പോലീസ് സ്റ്റേഷൻ അതിർത്തിയിൽ നാലാഞ്ചിറ പനവിള ജംഗ്ഷനിൽ ബി.എൽ കമ്മ്യൂണി ക്കേഷൻ എന്ന സ്ഥാപനം നടത്തിയിരുന്ന ബാബു എന്ന വികലാംഗന്റെ 1996 സെപ്തംബർ 14-ന് മോഷണം പോയ ഫോട്ടോ കോപ്പിയർ മെഷീൻ പോലീസ് കണ്ടെടുത്തിട്ടുണ്ടോ?

(ബി) ആയത് ഇൻഡ്യൻ ബാങ്കിന്റെ നാലാഞ്ചിറ ബ്രാഞ്ചിന് ഹൈപ്പോത്തിക്കേറ്റ് ചെയ്തതാണെന്ന് കാണിച്ച് ബാങ്ക് അധികൃതർ മെഡി ക്കൽ കോളേജ് പോലീസ് സബ്-ഇൻസ്പെക്ടർക്ക് കത്ത് നൽകിയിരുന്നോ;

(സി) പിടിച്ചെടുത്ത ഫോട്ടോ കോപ്പിയർ കോടതിയിൽ ഹാജ രാക്കിയിട്ടുണ്ടോ;

(ഡി) ഫോട്ടോ കോപ്പിയർ കടത്തിക്കൊണ്ടുപോയവർക്കെതിരെ നടപടി എടുത്തിട്ടുണ്ടോ;

(ഇ) ഈ സംഭവത്തിൽ ക്രൈംബ്രാഞ്ച് അന്വേഷണം നടത്തിയി ട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ അന്വേഷണം സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ)-(ഡി) ബാബു നായരുടെ വക ഫോട്ടോകോപ്പിയർ മെഷീൻ എതിർ കക്ഷികളായ പ്രേംകുമാർ, ഗോപകുമാർ, വിജയകുമാർ എന്നിവർ എടുത്തുകൊണ്ടുപോയി മടക്കിക്കൊടുത്തില്ല എന്ന ടിയാന്റെ പിതാവിന്റെ പരാതിയിന്മേൽ അന്വേഷണം നടത്തിയതിൽ ടി ബാബുനായരും എതിർ

LIBRARY ARCHIVES Kerala Legislative Assembly